(എഫ്) വായ്പ അനുവദിക്കുന്നത ലും, വിതരണം ചെയ്യുന്നതിലും, പിരിച്ചെടുക്കുന്നതിലും കെ. എഫ്. സി. ഈ വർഷം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ ഫിനാൻഷ്യൽ സർവ്വീസ്, ലീസ് ഫിനാൻസിംഗ് തുടങ്ങിയ മേഖലകളിലും കെ. എഫ്. സി. പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കെ. എഫ്. സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉപദേശക സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനമായിട്ടുണ്ട്.

ബചത് പഞ്ചായത്തുകൾ

11. [1790] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെ ബചത് പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പഞ്ചായത്തുകളിൽ പ്രസ്തുത പ്രഖ്യാപനത്തോട് അനുബന്ധിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷം സംസ്ഥാനത്ത് (1996 മാർച്ച് ഒന്ന് വരെ) 138 പഞ്ചായത്തുകളെ ബചത് പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകളുടെ പേരുവിവരം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.†

(സി) "ബചത്"" ആയി പ്രഖ്യാപിക്കപ്പെടുന്ന പഞ്ചായത്തുകൾക്ക് ഗ്രാൻറായി നൽകുന്ന പരമാവധി 50,000 രൂപ പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. പൊതുവേ, റോഡുകളുടെ പുനരുദ്ധാരണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ ശാഖകൾ

12. [1791] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1995-96 സാമ്പത്തിക വർഷത്തിൽ കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ എത്ര ശാഖകൾ തുറന്നു ;

(ബി) എവിടെയെല്ലാം ;

(സി) ബ്രാഞ്ചുകൾ തുറക്കാൻ നിർദ്ദേശമുള്ള സ്ഥലങ്ങളിൽ അവ ഉടനടി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷത്തിൽ കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസ് ലിമിറഡിൻെറ 11 ശാഖകൾ തുറന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly